# നോട്ടീസ്

## 01st November 2025

## കെക്സ്കോൺ - ഇ പി എഫ് സംബന്ധമായ അറിയിപ്പ്

കേന്ദ്ര തൊഴിൽവകുപ്പിന്റെയും EPFO യുടെയും പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം, പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ 01 JULY 2025 മുതൽ അവരുടെ Universal Account Number (UAN) സ്വയം സൃഷ്ടിക്കേണ്ടതായിരിക്കും എന്നാണ്. ഈ നടപടി UMANG മൊബൈൽ ആപ്പ് വഴി Face Authentication (മുഖം തിരിച്ചറിയൽ) ഉപയോഗിച്ചായിരിക്കും.

ഇതിനാൽ, തൊഴിലുടമകൾക്ക് ഇനി സ്വന്തമായി UAN രജിസ്റ്റർ ചെയ്യാനാകില്ല. ജീവനക്കാർ തന്നെ അവരുടെ ആധാർ വിവരങ്ങളും മുഖം തിരിച്ചറിയലും ഉപയോഗിച്ച് UAN സൃഷ്ടിച്ച ശേഷം മാത്രമേ മറ്റു നിയമന നടപടികൾ തുടരാൻ കഴിയൂ. എന്നാൽ ഈ കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**UMANG (Unified Mobile Application for New-age Governance) ആപ്പ് വഴി UAN (Universal Account Number) സൃഷ്ടിക്കുന്നതിന് ഘട്ടം ഘട്ടമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ നൽകിയിരിക്കുന്ന പ്രകാരമാണ്:**

**ഘട്ടം 1:** നിങ്ങളുടെ ഫോണിലെ Google Play Store ൽ നിന്ന് യൂണിക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ Aadhar Face RD എന്ന സർവ്വീസ് ഇൻസ്റ്റാൾ ചെയ്യുക.
**(ആധാർ നമ്പർ ലിങ്ക് ചെയ്ത മൊബൈൽ ഫോൺ ആയിരിക്കണം)**

---

**ഘട്ടം 2: UMANG ആപ്പ് ഇൻസ്റ്റാൾ ചെയ്യുക**

- നിങ്ങളുടെ ഫോണിലെ **Google Play Store** തുറക്കുക.
- Search option- ൽ "**UMANG**" എന്ന് ടൈപ്പ് ചെയ്യുക.
- **UMANG – (Unified Mobile Application for New-age Governance )**ആപ്പ് ഇൻസ്റ്റാൾ ചെയ്യുക.
- മൊബൈൽ നമ്പറും ആധാർ നമ്പറും നൽകി രജിസ്റ്റർ ചെയ്യുക. അക്കൗണ്ട് ഉള്ളതാണെങ്കിൽ ലോഗിൻ ചെയ്യുക.

---

**ഘട്ടം 3: EPFO സേവനങ്ങൾ തുറക്കുക**

- **ഹോം പേജിൽ "All Services"** എന്ന വിഭാഗത്തിൽ പോവുക.
- അവിടെ നിന്ന് **EPFO** (Employees' Provident Fund Organisation) തിരഞ്ഞെടുക്കുക.
- ഹോം പേജിൽ ഐക്കൺ കാണുന്നില്ലെങ്കിൽ സെർച്ച് ചെയ്യുക.

---

**UMANG APP** ൽ നിന്നും **EPFO (Employees' Provident Fund Organisation)** തിരഞ്ഞെടുക്കുമ്പോൾ "Meri Pehchaan" വഴി ലോഗിൻ ചെയ്യാനുള്ള സംവിധാനം നിർബന്ധമായിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ഏകീകൃതമായി ലഭ്യമാക്കുന്ന ' ജൻ പരിചയ് (മേരി പെഹ്ചാൻ)' അക്കൗണ്ട് രജിസ്റ്റർ ചെയ്യുന്നതിനായുള്ള (സൈൻ അപ്പ്) ലളിതമായ മാർഗ്ഗനിർദ്ദേശങ്ങൾ താഴെ വിശദീകരിക്കുന്നു.

- **ഘട്ടം 3 (1): വെബ്സൈറ്റ് പ്രവേശനം**

  ഔദ്യോഗിക വെബ്സൈറ്റ് വിലാസമായ https://janparichay.meripehchaan.gov.in/ സന്ദർശിക്കുക. ഈ ലിങ്കിലൂടെ നിങ്ങൾ 'ലോഗിൻ / സൈൻ അപ്പ്' സ്ക്രീനിലേക്ക് പ്രവേശിക്കുന്നതാണ്.

- **ഘട്ടം 3(2): സൈൻ അപ്പ് ലിങ്ക് തിരഞ്ഞെടുക്കൽ**

  "Sign up for Meri-Pehchaan" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

- **ഘട്ടം 3(3): വിവരങ്ങൾ നൽകലും യൂസർ ഐഡി സൃഷ്ടിക്കലും**

  സൈൻ അപ്പ് ഫോമിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൃത്യമായി പൂരിപ്പിക്കുക. **"@janparichay.gov.in"** എന്ന സഫിക്സ് ഉപയോഗിച്ച് ഒരു **JanParichay User ID** സൃഷ്ടിക്കാവുന്നതാണ്. തുടർന്ന്, നിങ്ങളുടെ അക്കൗണ്ടിനായുള്ള ഒരു പാസ്‌വേർഡ് സുരക്ഷിതമായി സജ്ജീകരിക്കുക.

- **ഘട്ടം 3(4): നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കൽ**

  "Terms & Conditions" (നിബന്ധനകളും വ്യവസ്ഥകളും) ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കുക.

  അതിനുശേഷം, അതിനോട് ചേർന്നുള്ള ചെക്ക്ബോക്സിൽ (checkbox) ക്ലിക്ക് ചെയ്യുക.

  തുടർന്ന് സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന പോപ്പ്-അപ്പിൽ (pop-up) "Accept" എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത് അംഗീകാരം നൽകുക.

- **ഘട്ടം 3(5): വിവരങ്ങൾ പരിശോധിച്ചുറപ്പിക്കൽ**

  (വെരിഫിക്കേഷൻ) ഫോം പൂരിപ്പിച്ച് നിബന്ധനകൾ അംഗീകരിച്ച ശേഷം, "Verify" എന്ന ബട്ടൺ അമർത്തുക. നിങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പിച്ചുകഴിഞ്ഞാൽ, ഒരു കൺഫർമേഷൻ (confirmation) പോപ്പ്-അപ്പ് സ്ക്രീനിൽ ദൃശ്യമാകുന്നതാണ്.

- **ഘട്ടം 3(6): രജിസ്ട്രേഷൻ പൂർത്തിയാക്കൽ**

  "Continue" എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ജൻ പരിചയ് (മേരി പെഹ്ചാൻ) പോർട്ടലിലെ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്.

' ജൻ പരിചയ് (മേരി പെഹ്ചാൻ)' അക്കൗണ്ട് രജിസ്റ്റർ പൂർത്തിയായാൽ **UMANG APP** ൽ നിന്നും ഇ പി എഫ് ഒ തുറക്കുക. അതിൽ നിന്നും UAN Allotment and Activation ക്ലിക്ക് ചെയ്യുക.




Fig. 1




Fig. 3




Fig. 2




Fig. 4

**ഘട്ടം 4: "UAN Creation using Face Authentication" തിരഞ്ഞെടുക്കുക**

- EPFO സെക്ഷനിൽ നിന്നും "**UAN Creation (Face Authentication)**" എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക.

---

**ഘട്ടം 5: ആവശ്യമായ വിവരങ്ങൾ നൽകുക**

- നിങ്ങളുടെ **ആധാർ നമ്പർ** (12 അക്കങ്ങൾ) നൽകുക.
- ആധാറിനോട് ലിങ്ക് ചെയ്ത **മൊബൈൽ നമ്പർ** നൽകുക.
- "Proceed" ബട്ടൺ ക്ലിക്ക് ചെയ്യുക.

---

**ഘട്ടം 6: Face Authentication (മുഖം സ്കാൻ ചെയ്യുക)**

- നിങ്ങളുടെ കണ്ണുകൾ ചലിപ്പിച്ചുകൊണ്ട് **മുഖം ക്യാമറയിലേക്ക് നന്നായി കാണിക്കുന്ന വിധത്തിൽ** സ്കാൻ ചെയ്യുക.
- യഥാർത്ഥ ആധാർ ഫോട്ടോ ഇതുമായി താരതമ്യം നടത്തും (match ചെയ്യാൻ കുറച്ച് സമയം എടുക്കാം).

---

**ഘട്ടം 7: വ്യക്തിപരമായ വിവരങ്ങൾ സമർപ്പിക്കുക**

- ഫെയ്സ് വെരിഫിക്കേഷൻ വിജയിച്ചാൽ, നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ (പേര്, ജനനതീയതി, ലിംഗം തുടങ്ങിയവ) പ്രി-ഫിൽ ചെയ്ത നിലയിൽ കാണാം.
- ബാക്കിയുള്ള വിവരങ്ങൾ (ബാങ്ക് അക്കൗണ്ട്, ഇമെയിൽ, അഡ്രസ്സ് എന്നിവ) ചേർക്കുക.

---

**ഘട്ടം 8: പുതിയ UAN സൃഷ്ടിക്കുക**

- എല്ലാ വിവരങ്ങളും പരിശോധിച്ച് "**Submit**" ബട്ടൺ ക്ലിക്ക് ചെയ്യുക.
- പുതിയ **UAN നമ്പർ** സൃഷ്ടിക്കപ്പെടും.
- ഈ നമ്പർ പിന്നീട് EPFO പോർട്ടലിൽ ഉപയോഗിക്കാം.

---

**ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ:**

- ആധാർ അപ്ഡേറ്റുചെയ്ത ഫോട്ടോ ഉണ്ടാകണം.
- മൊബൈൽ നമ്പർ ആധാറിനോട് ലിങ്ക് ചെയ്തതായിരിക്കണം.
- ബ്രൗസർ അല്ലെങ്കിൽ ആപ്പ് permissions (camera access) അനുവദിച്ചിരിക്കണം.

KERALA STATE EX-SERVICEMEN ... Thiruvananthapuram Pin - 695014

Santhosh N.C
Administrative Officer
(Deputy Secretary to Govt)
Kerala State Ex-Servicemen
Development and Rehabilitation Corporation
Thycaud, Thiruvananthapuram-695014
PEN No: 100925